# മഗളവാർത്തക്കാലം

## വചന വിചിന്തനം

### ദനഹാക്കാലം : മൂന്നാം ഞായർ

### യോഹ 1,35–42

"ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന
ദൈവത്തിൻെറ കുഞ്ഞാട്!" (യോഹ1,29).
മനുഷ്യനെ ദൈവമാക്കാൻ ദൈവം മനുഷ്യനാകുന്നു.
കുറവുകൾ അറിഞ്ഞ് സ്നേഹിക്കുമ്പോഴാണ്
ലോകത്തിന്റെ പാപങ്ങൾ നീക്കാൻ ദൈവം കുഞ്ഞാടായ് ജന്മമെടുക്കുന്നു.
കാൽവരിയിൽ കുഞ്ഞാടായവൻ
സമ്മാനിക്കുന്ന ദൗത്യവും ഇത് തന്നെയാണ്!

**ഇതാ, ദൈവത്തിൻെറ കുഞ്ഞാട്! എന്നു കേൾക്കുന്ന രണ്ടു ശിഷ്യൻമാർ ക്രിസ്തുവിനെ അനുഗമിക്കുന്നു... ഇത് കേൾക്കുന്ന നമ്മളിൽ എത്രപ്പേർ കർത്താവിനെ അനുഗമിക്കുന്നുണ്ട്?**

സ്നാപകയോഹന്നാൻ തന്റെ ശിഷ്യൻമാർക്ക് ഈശോയെ പരിചയപ്പെടുത്തുന്നു; "അടുത്തദിവസം യോഹന്നാൻ തൻെറ ശിഷ്യൻമാരിൽ രണ്ടുപേരോടുകൂടെ നിൽക്കുമ്പോൾ യേശു നടന്നുവരുന്നതു കണ്ടു പറഞ്ഞു: ഇതാ, ദൈവത്തിൻെറ കുഞ്ഞാട്! അവൻ പറഞ്ഞതു കേട്ട് ആ രണ്ടു ശിഷ്യൻമാർ യേശുവിനെ അനുഗമിച്ചു" (യോഹ 1,35–37). എൻെറ പിന്നാലെ വരുന്നവൻെറ (ക്രിസ്തുവിന്റെ) ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല എന്ന് പറഞ്ഞ് ക്രിസ്തുവിന് നിഴലാകാൻ ആഗ്രഹിച്ചവൻ യഥാർത്ഥത്തിൽ നിഴലായ് തന്നെ മാറ്റപ്പെടുകയാണിവിടെ. "ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്" എന്ന് ക്രിസ്തുവിനെ കുറിച്ച് സ്നാപകൻ തന്റെ ശിഷ്യൻമാരോട് പറയുമ്പോൾ അവർ തത്ക്ഷണം സ്നാപകനെ ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്നു. സ്നാപകൻ നടത്തുന്നത് ഒരു ശ്യൂനവത്കരണമാണ്. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്ന് പ്രസംഗിച്ചവൻ ക്രിസ്തുവിന് വളരാൻ വേണ്ടി സ്വയം ചെറുതാകുന്നു!

സ്നാപക യോഹന്നാൻ തൻെറ ശിഷ്യൻമാർക്കും ലോകത്തിനും ക്രിസ്തുവിനെ പരിചയപ്പെടുത്തുന്നത്; "ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്!" (യോഹ 1,29) എന്നു പറഞ്ഞാണ്. ലോകത്തിന്റെ പാപങ്ങൾ ഏറ്റെടുക്കുന്നതിന് ബലിയാകാനും ബലിയേകാനും വന്നവനെ ഇതിനേക്കാൾ നല്ല സ്വാഗതം സമ്മാനിച്ച് ലോകത്തിന് മുമ്പിൽ പരിചയപ്പെടുത്താൻ സാധിക്കില്ല! ഏശയ്യാ പ്രവാചകന്റെ പുസ്തകം 53–ാം അദ്ധ്യായത്തിൽ സഹനദാസനെ കുറിച്ച് വചനം പരിചയപ്പെടുത്തുന്നുണ്ട്. ഇതും സ്നാപകയോഹന്നാൻ പരിചയപ്പെടുത്തുന്ന ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടും തമ്മിൽ അഭേദ്യമാംവണ്ണം ബന്ധപ്പെട്ട് കിടക്കുന്നു!

"അവൻ നിന്ദിക്കപ്പെട്ടു; നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ, ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ

അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവൻെറ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി; അവൻെറ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി. നാമോരോരുത്തരും സ്വന്തം വഴിക്കുപോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവൻെറ മേൽ ചുമത്തി. അവൻ മർദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല; കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുൻപിൽ നിൽക്കുന്ന ചെമ്മരിയാടിനെ പ്പോലെയും അവൻ മൗനം പാലിച്ചു... അവൻ ഒരു അതിക്രമവും ചെയ്തില്ല; അവൻെറ വായിൽനിന്നു വഞ്ചന പുറപ്പെട്ടുമില്ല. എന്നിട്ടും, ദുഷ്ടരുടെയും ധനികരുടെയും ഇടയിൽ അവൻ സംസ്കരിക്കപ്പെട്ടു. അവനു ക്ഷതമേൽക്കണമെന്നത് കർത്താവിൻെറ ഹിതമായിരുന്നു" (ഏശയ്യ 53,4-9).

ലോകത്തിന്റെ പാപങ്ങൾ ഏറ്റെടുക്കാൻ ദൈവത്തിന്റെ കുഞ്ഞാടായവന്റെ നേർരൂപമാണ് ഏശയ്യപ്രവാചകനിലൂടെ പഴയനിയമത്തിൽ അവതരിപ്പിക്കപ്പെടുന്നത്. ഇതു തന്നെയാണ് ക്രിസ്തുവിനെ കാണുമ്പോൾ സ്നാപകയോഹന്നാന്റെ അധരങ്ങളിലൂടെ പിറവി കൊള്ളുന്നതും. "ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്!" (യോഹ1,29) എങ്കിൽ, പഴയനിയമപ്രവചനപൂർത്തീകരണം സാധ്യമാക്കാൻ പിതാവായ ദൈവത്തിന് വേണ്ടി പുത്രനായ ദൈവം ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാകുന്നതുപ്പോലെ നിന്റെയും നിന്റെ കുടുബത്തിന്റെയും ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും പാപങ്ങൾക്കു പരിഹാരമാകാൻ കൊലക്കളത്തിലേയ്ക്ക് നയിക്കപ്പെടുന്ന കുഞ്ഞാടിനെപ്പോനെ നിലയുറപ്പിക്കാൻ നിനക്ക് സാധിക്കുമോ? ഇത് തന്നെയാണ് തിരുസഭാ മാതാവ് ഈ കാലഘട്ടത്തിൽ നിന്നോട് ചോദിക്കുന്ന ചോദ്യം?

**അവർ (ശിഷ്യർ) ചെന്ന് അവൻ (ക്രിസ്തു) വസിക്കുന്നിടം കാണുകയും അന്ന് അവനോടുകൂടെ താമസിക്കുകയും ചെയ്തു... ക്രിസ്തുവിനെ അടുത്തറിയുന്നവർ അവനെ പിരിഞ്ഞ് പോകില്ല!**

നാല് ഭടന്മാർ ഭാരമേറിയ ഒരു മരക്കഷണം ഉന്തുവിയിൽ കയറ്റാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ, അതിനു വലിയ ഭാരമുണ്ടായിരുന്നതിനാൽ അത് ഉയർത്തി വണ്ടിയിൽ കയറ്റുമ്പോഴേക്കും വീണ്ടും ഉരുണ്ടു താഴേക്കു വീണു. പല പ്രാവശ്യം പരിശ്രമിച്ചെങ്കിലും മരത്തടി വണ്ടിയിൽ കയറ്റുവാൻ കഴിയാതെ ഭടന്മാർ വിഷമിച്ചു. അവരുടെ മേലാവായ കോർപ്പറൽ ദൂരെ മാറി നിന്നുകൊണ്ട് ഇതെല്ലാം വീക്ഷിക്കുകയാണ്.

"ഇനിയും തടി കയറ്റിക്കഴിഞ്ഞില്ലേ?" എന്ന് അയാൾ ഭടന്മാരോടു വിളിച്ചു ചോദിക്കുന്നത് അതുവഴി കുതിരപ്പുറത്തുവന്ന ഒരാൾ കേട്ടു. വീണ്ടും തടി ഉയർത്താൻ പാടുപെടുന്ന ഭടന്മാരുടെ ദയനീയ സ്ഥിതി കണ്ട് അശ്വാരൂഢനായ മനുഷ്യൻ കോർപ്പറലിനോട് ചോദിച്ചു;

"നിങ്ങൾക്കൊന്നു സഹായിച്ചു കൂടെ? ഒന്ന് താങ്ങിക്കൊടുത്താൽ തടി വണ്ടിയിലേക്കു കയറും."

"ഞാനൊരു കോർപ്പറലാണ്. ഇത്തരം പണികളൊന്നും ഞാൻ ചെയ്യേണ്ടതല്ല" ഇതായിരുന്നു കോർപ്പറലിന്റെ മറുപടി.

ഇതുകേട്ട ആഗതൻ ഒന്നും മിണ്ടാതെ കുതിരപ്പുറത്തു നിന്നും ഇറങ്ങി ആ ഭടന്മാരുടെ അടുത്തു ചെന്ന് തടി പിടിക്കാൻ കൂടി. അങ്ങനെ മരക്കഷണം വണ്ടിക്കുള്ളിലായപ്പോൾ ഭടന്മാർ പറഞ്ഞ താങ്ക്സ് പോലും കേൾക്കാൻ നിൽക്കാതെ തിരക്കിട്ട് കുതിരപ്പുറത്തു കയറി ഓടിച്ചു പോവുകയും ചെയ്തു.

അടുത്ത ദിവസം അമേരിക്കയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് വാഷിംഗ്ടണ് ഒരു പൗരസ്വീകരണം അവിടെ നടന്നു. ആ ചടങ്ങിൽ മേൽപ്പറഞ്ഞ കോർപ്പറലും പങ്കെടുത്തിരുന്നു. സ്വീകരണം ഏറ്റുവാങ്ങി വേദിയിലിരിക്കുന്ന വാഷിംഗ്ടനെ കണ്ടപ്പോൾ കോർപ്പറൽ ഞെട്ടി! കാരണം, തലേദിവസം കുതിരപ്പുറത്തു വന്നിറങ്ങി ഭടന്മാരെ തടി കയറ്റാൻ സഹായിച്ച അതേ വ്യക്തി തന്നെയായിരുന്നു വേദിയിലിരുന്നത്!

ക്രിസ്തുവിന്റെ ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല എന്ന് പറഞ്ഞവൻ "ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്" എന്ന് പറഞ്ഞ് ക്രിസ്തുവിനെ പരിചയപ്പെടുത്തുമ്പോൾ ക്രിസ്തു ശിഷ്യർ ഉൾക്കൊള്ളേണ്ട ജീവിതശൈലിയെയാണ് ഇവിടെ വരച്ച് ചേർക്കപ്പെടുന്നത്! വലിയ മനുഷ്യർക്കേ ചെറിയവരാകാൻ കഴിയൂ. എന്നാൽ, ചെറിയ മനുഷ്യരാകട്ടെ, എപ്പോഴും വലിയവരാകാൻ ശ്രമിച്ചുകൊണ്ടിരിക്കും. ദൈവം ഏറ്റവും വലിയവനാകയാൽ അവിടുത്തേക്കു മാത്രമേ ഏറ്റവും ചെറിയവനാകാനും സാധിക്കൂ. ദൈവത്തിന് വേണ്ടി വഴിയൊരുക്കാൻ വന്നവനും ദൈവത്തെപ്പോലെ തന്നെയാണ് പെരുമാറുന്നത്. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്ന് പ്രസംഗിച്ചവൻ ക്രിസ്തുവിന് വളരാൻ വേണ്ടി സ്വയം ചെറുതാകുന്നു! തന്റെ ശിഷ്യൻമാരെപ്പോലും ലോകത്തിന്റെ യഥാർത്ഥ പ്രകാശമായ ക്രിസ്തുവിന്റെ സന്നിധിയിലേയ്ക്ക് ആനയിക്കുന്നു!

ദിവ്യകാരുണ്യത്തിന്റെ മുൻപിലിരുന്ന് 'ഇത്ര ചെറുതാകാൻ എത്ര വലുതാകണം' എന്ന പാട്ടുകേൾക്കുന്ന നമ്മുക്ക് കരച്ചിൽ വരണം! നമ്മുടെ വലിപ്പത്തിന്റെ പൊള്ളത്തരങ്ങളെല്ലാം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ എളിമ! മനുഷ്യനാൽ കടിച്ചു ചവച്ചരയ്ക്കപ്പെടാൻ പറ്റിയ വിധം ഒരു അപ്പത്തിൽപ്പോലും സന്നിഹിതനാകാൻ കഴിയുന്ന അവിടുത്തെ 'വലിമ' നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതിലും മഹിമയുള്ളതുതന്നെയാണ്. ഇത്രയും മഹിമയുള്ളവൻ ലോകത്തിലേയ്ക്ക് വന്നത് സ്നാപകന്റെ വാക്കുകളിൽ "ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്!" (യോഹ1,29). മറ്റുള്ളവരുടെ അകൃത്യങ്ങൾക്കുവേണ്ടി സ്വയം നിന്നുകൊടുക്കാനും പ്രിയപ്പെട്ടവരുടെ രക്ഷയ്ക്ക് വേണ്ടി സ്വയം ശിക്ഷിക്കാനും മറ്റുള്ളവർ മർദ്ദിക്കപ്പെടാതിരിക്കാൻ സ്വയം പീഢിപ്പിക്കാൻ വിട്ടുകൊടുക്കാനും ആരംഭിക്കുമ്പോൾ നാം ലോകത്തിന്റെ പാപങ്ങൾ നിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനോളം വലുതാവുകയാണ്!

**അന്ത്രയോസ്
തൻെറ സഹോദരനായ
ശിമയോനെ കണ്ട്
അവനോട്,
ഞങ്ങൾ മിശിഹായെ
കണ്ടു എന്നു പറഞ്ഞു...
അനുഭവിച്ചറിഞ്ഞ
ക്രിസ്തുവിനെ
പങ്കുവയ്ക്കുന്ന
ആദ്യശിഷ്യൻമാർ!**

"യേശുക്രിസ്തുവിൻെറ ശരീരം
എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി
നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു."

ഹെബ്രാ 10,10

**ഫാ. ജോബി മേനോത്ത്**
**+91 944 7777 931**